<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4427** | **01-07-2024 - ൽ മറുപടിയ്ക്ക്**

**അമ്പലമുകൾ പെട്രോ കെമിക്കൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ അമ്പലമുകൾ പെട്രോ കെമിക്കൽ പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിലെ അമ്പലമുകൾ പെട്രോകെമിക്കൽ പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ 61 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. പാർക്കിനകത്തെ താല്ക്കാലിക വൈദ്യുതി-ജലവിതരണ സംവിധാനങ്ങൾ പൂർത്തിയായി. പാർക്കിലേക്ക് ജലവിതരണത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 70 ശതമാനവും വൈദ്യുത കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 40 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള വിവിധ **നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | കുന്നത്തുനാട് മണ്ഡലത്തിലെ അമ്പലമുകൾ പെട്രോകെമിക്കൽ പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ 61 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. പാർക്കിനകത്തെ താല്ക്കാലിക വൈദ്യുതി-ജലവിതരണ സംവിധാനങ്ങൾ പൂർത്തിയായി. പാർക്കിലേക്ക് ജലവിതരണത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 70 ശതമാനവും വൈദ്യുത കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 40 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള വിവിധ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പെട്രോ കെമിക്കൽ പാർക്കിൽ അനുവദിച്ച യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | 481.79 ഏക്കർ ഭൂമിയിൽ സ്ഥിതിചെയ്യുന്ന പെട്രോകെമിക്കൽ പാർക്കിൽ 383 ഏക്കർ ഭൂമിയാണ് സംരംഭകർക്ക് അനുവദിക്കാനാവുന്നത്. അതിൽ 170 ഏക്കർ ഭൂമി ആങ്കർ ഇൻവെസ്റ്ററായ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനാണ് അനുവദിച്ചിട്ടുള്ളത്. 11,000 ത്തോളം തൊഴിലവസരങ്ങളും 10,000 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | നിക്ഷേപവും ലക്ഷ്യമിട്ടുന്ന പദ്ധതി നിർമ്മാണത്തിന്റെ പ്രാരംഭഘട്ടത്തിലാണ്.<br><br>പ്രസ്തുത പാർക്കിൽ 22 യൂണിറ്റുകൾക്കായി 35.35 ഏക്കർ ഭൂമി വ്യാവസായികാവശ്യങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. അതിൽ 3 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഈ 3 യൂണിറ്റുകളിലായി 290 കോടി രൂപയുടെ നിക്ഷേപവും 80 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണത്തിലിരിക്കുന്ന 9 യൂണിറ്റുകളിൽ 2 യൂണിറ്റുകളുടെ നിർമ്മാണപ്രവർത്തനം അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ